# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2020 ആഗസ്റ്റ് 07 വെള്ളി**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**www.prd.kerala.gov.in.**
**videos: http://www.clipmail.kerala.gov.in**
**email: diothrissur@gmail.com**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## പാർട്ട് - 2

## ജില്ലയിൽ 33 പേർക്ക് കൂടി കോവിഡ്; 60 പേർക്ക് രോഗമുക്തി

ജില്ലയിൽ 33 പേർക്ക് കൂടി കോവിഡ് സ്ഥിരീകരിച്ചു. 60 പേർ രോഗമുക്തരായി. 23 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. ഇതുവരെ രോഗം സ്ഥിരീകരിച്ചവരുടെ എണ്ണം 1941 ആയി. ജില്ലയിൽ 578 പേർ ചികിത്സയിൽ കഴിയുന്നു. തൃശൂർ സ്വദേശികളായ 12 പേർ മറ്റു ജില്ലകളിൽ ചികിത്സയിൽ കഴിയുന്നു. ഇതുവരെ രോഗമുക്തരായവരുടെ എണ്ണം 1345 ആണ്.

ഇരിങ്ങാലക്കുട ക്ലസ്റ്ററിൽ നിന്ന് 8 പേർക്ക് സമ്പർക്കബാധയുണ്ടായി. ശക്തൻ ക്ലസ്റ്റർ 1, രാമപുരം ക്ലസ്റ്റർ 1, കുന്നംകുളം ക്ലസ്റ്റർ 1, കെഎസ്ഇ ക്ലസ്റ്റർ 1, മറ്റ് സമ്പർക്കം വഴി 7, ഉറവിടമറിയാത്തവർ 4 എന്നിങ്ങനെയാണ് സമ്പർക്കരോഗബാധയുടെ കണക്ക്. മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് തിരിച്ചെത്തിയവർ 8 ഉം വിദേശത്ത് നിന്ന് എത്തിയവർ രണ്ടുമാണ്. രോഗം ബാധിച്ചവരിൽ കൈപ്പറമ്പ് സ്വദേശിനിയായ ആരോഗ്യപ്രവർത്തകയുമുണ്ട്.

ആകെ നിരീക്ഷണത്തിൽ കഴിയുന്ന 11673 പേരിൽ 11045 പേർ വീടുകളിലും 628 പേർ ആശുപത്രികളിലുമാണ്. കോവിഡ് സംശയിച്ച് 70 പേരെയാണ് വെള്ളിയാഴ്ച (ആഗസ്റ്റ് 7) ആശുപത്രിയിൽ പുതിയതായി പ്രവേശിപ്പിച്ചത്. 591 പേരെ വെള്ളിയാഴ്ച (ആഗസ്റ്റ് 7) നിരീക്ഷണത്തിൽ പുതിയതായി ചേർത്തു. 580 പേരെ നിരീക്ഷണ കാലഘട്ടം അവസാനിച്ചതിനെ തുടർന്ന് നിരീക്ഷണ പട്ടികയിൽ നിന്നും ഒഴിവാക്കി.

വെള്ളിയാഴ്ച (ആഗസ്റ്റ് 7) 1616 സാമ്പിളുകളാണ് പരിശോധനയ്ക്ക് അയച്ചത്. ഇതുവരെ ആകെ 43878 സാമ്പിളുകളാണ് പരിശോധനയ്ക്ക് അയച്ചിട്ടുള്ളത്. ഇതിൽ 43137 സാമ്പിളുകളുടെ പരിശോധന ഫലം വന്നിട്ടുണ്ട്. ഇനി 741 സാമ്പിളുകളുടെ പരിശോധന ഫലം ലഭിക്കാനുണ്ട്. സെന്റിനൽ സർവ്വൈലൻസിന്റെ ഭാഗമായി നിരീക്ഷണത്തിൽ ഉള്ളവരുടെ സാമ്പിളുകൾ പരിശോധിക്കുന്നത് കൂടാതെ 11136 ആളുകളുടെ സാമ്പിളുകൾ ഇതുവരെ കൂടുതലായി പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്.

വെള്ളിയാഴ്ച (ആഗസ്റ്റ് 7) 407 ഫോൺ വിളികളാണ് ജില്ലാ കൺട്രോൾ സെല്ലിലേക്ക് വന്നത്. ഇതുവരെ ആകെ 59564 ഫോൺ വിളികൾ ജില്ലാ കൺട്രോൾ സെല്ലിലേക്ക് വന്നു. 119 പേർക്ക് സൈക്കോ സോഷ്യൽ കൗൺസിലർമാർ വഴി കൗൺസിലിംഗ് നൽകി.

വെള്ളിയാഴ്ച (ആഗസ്റ്റ് 7) റെയിൽവേ സ്റ്റേഷനുകളിലും ബസ് സ്റ്റാൻഡുകളിലുമായി 300 പേരെ ആകെ സ്ക്രീൻ ചെയ്തിട്ടുണ്ട്.

# വെള്ളക്കെട്ട് നിർമ്മാർജനത്തിന് എമർജൻസി സ്ക്വാഡുകൾ മന്ത്രി വി.എസ്. സുനിൽകുമാർ

തൃശൂർ നഗരത്തിലേയും സമീപ മേഖലകളിലേയും വെള്ളപ്പൊക്ക കെടുതികൾ കൈകാര്യം ചെയ്യുന്നതിനായി എമർജൻസി സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിച്ചതായി കൃഷി വകുപ്പ് മന്ത്രി വി.എസ് സുനിൽകുമാർ വ്യക്തമാക്കി. ശക്തമായ മഴ തുടരുന്ന സാഹചര്യത്തിൽ സ്ഥിതിഗതികൾ വിലയിരുത്തുന്നതിനായി, പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥിന്റെ സാന്നിധ്യത്തിൽ ചേർന്ന അവലോകനയോഗത്തിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

തൃശൂർ താലൂക്കിന്റെ കിഴക്കൻ മേഖല കേന്ദ്രീകരിച്ചും പടിഞ്ഞാറൻ മേഖല കേന്ദ്രീകരിച്ചും എമർജൻസി സ്ക്വാഡുകൾ രൂപീകരിച്ചു. അതിനു പുറമേ, പാടശേഖരങ്ങളിൽ പരമാവധി വെള്ളം സംഭരിക്കുന്നതിന് സ്ലൂയിസുകൾ പൂർണമായും തുറന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി കൃഷി വകുപ്പ് ഡെ. ഡയറക്ടർ (വാട്ടർ മാനേജ്മെന്റ്) ന്റെ നേതൃത്വത്തിൽ ഒരു സ്ക്വാഡ് രൂപീകരിക്കാനും തീരുമാനിച്ചു.

നീരൊഴുക്ക് സുഗമമാക്കുന്നതിനായി എല്ലാ തോടുകളും നീർച്ചാലുകളും നേരത്തെ തന്നെ ശുചീകരിച്ചിരുന്നു. കൃഷി വകുപ്പ്, കെ.എൽ.ഡി.സി, മണ്ണ് സംരക്ഷണ വകുപ്പ്, തൃശൂർ കോർപ്പറേഷൻ എന്നിവ വഴിയാണ് ഈ പ്രവർത്തനങ്ങൾ നടത്തിയത്. ഇനിയും അടിഞ്ഞുകൂടിയിരിക്കുന്ന ചണ്ടി, കുളവാഴ, റെഗുലേറ്ററുകളുടെ ഷട്ടറുകളിൽ അടിഞ്ഞുകൂടിയ മരങ്ങൾ, മറ്റ് തടസ്സങ്ങൾ മുതലായവ എമർജൻസി സ്ക്വാഡുകളുടെ നേതൃത്വത്തിൽ നീക്കം ചെയ്യും.

ഏനാമാക്കൽ, ഇടിയഞ്ചിറ, ഇല്ലിക്കൽ, മുനയം തുടങ്ങി മേഖലയിലെ എല്ലാ റെഗുലേറ്ററുകളുടെയും ഷട്ടറുകൾ ഉയർത്തിവെച്ചിരിക്കുകയാണ്. താൽക്കാലിക വളയംകെട്ടുകൾ നീക്കം ചെയ്തിട്ടുണ്ട്. ചേറ്റുവ അഴിമുഖത്തെ മണ്ണ് നീക്കം ചെയ്യുന്ന കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി.

ദേശീയപാത 47ൽ നടത്തറ പ്രദേശത്തെ വെള്ളക്കെട്ടിന് ഉത്തരവാദികളായ നാഷണൽ ഹൈവേ അതോറിറ്റി അധികൃതർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് കൃഷി വകുപ്പ് മന്ത്രി പറഞ്ഞു. കോൾ മേഖലയിലെ പാടശേഖരങ്ങളിൽ പരമാവധി പെയ്ത്തുവെള്ളം സംഭരിക്കുന്നതിന് മുഴുവൻ സ്ലൂയിസുകളും തുറന്നു വെക്കണമെന്ന് പാടശേഖര സമിതി ഭാരവാഹികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നീരൊഴുക്ക് തടസ്സപ്പെടുത്തുന്ന വിധത്തിൽ അനധികൃത മീൻ പത്തായങ്ങൾ സ്ഥാപിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

ഡാമുകളിൽ വന്ന നിറയുന്ന മരങ്ങൾ എടുത്തു പുറത്തേക്ക് മാറ്റാനുള്ള ക്രെയിനും മറ്റും സജ്ജമാക്കണമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് നിർദേശിച്ചു. റെഗുലേറ്ററുകളിൽ മരങ്ങൾ വന്നടിയാൻ സാധ്യതയുണ്ടെന്ന് മന്ത്രി പറഞ്ഞു.

കോവിഡ് 19ന്റെ പശ്ചാത്തലത്തിൽ ഓൺലൈനായാണ് യോഗം ചേർന്നത്. ഗവ. ചീഫ് വിപ്പ് അഡ്വ. കെ.രാജൻ, മുരളി പെരുന്നെല്ലി എം.എൽ.എ, തൃശൂർ കോർപ്പറേഷൻ മേയർ അജിത ജയരാജൻ, ജില്ലാ കളക്ടർ എസ്.ഷാനവാസ്, കൃഷി വകുപ്പ്, റവന്യൂ വകുപ്പ്, ജലവിഭവ വകുപ്പ് ഉന്നതതല ഉദ്യോഗസ്ഥർ, കെ.എൽ.ഡി.സി ഉദ്യോഗസ്ഥർ, കോൾ മേഖലയിലെ കർഷക പ്രതിനിധികൾ തുങ്ങിയവർ പങ്കെടുത്തു.

# ജില്ലയിൽ ശനിയാഴ്ച റെഡ് അലേർട്ട്; അതിതീവ്ര മഴയ്ക്ക് സാധ്യത

ആഗ്സ്റ്റ് എട്ട് ശനിയാഴ്ച തൃശൂർ ജില്ലയിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് അതീവ ജാഗ്രതയ്ക്കുള്ള റെഡ് അലേർട്ട് പ്രഖ്യാപിച്ചു. അതിതീവ്ര മഴ മുന്നറിയിപ്പാണ് പുറപ്പെടുവിച്ചിരിക്കുന്നത്. 24 മണിക്കൂറിൽ 204.5 മില്ലി മീറ്ററിൽ കൂടുതൽ മഴ ലഭിക്കാനുള്ള സാധ്യതയാണിത്. ഇത്തരത്തിൽ അതിതീവ്ര മഴ ലഭിക്കുന്നത് അപകട സാധ്യത വർധിപ്പിക്കും.

രാത്രി സമയങ്ങളിൽ മഴ ശക്തിപ്പെടുന്ന സാഹചര്യം കാണുന്നതിനാൽ ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ സാധ്യതയുള്ള പ്രദേശങ്ങളിൽ മുൻകരുതലിനായി പകൽ സമയം തന്നെ നിർബന്ധപൂർവ്വം ആളുകളെ മാറ്റി താമസിപ്പിക്കാനാണ് നിർദേശം. മലയോര മേഖലയിലേക്കുള്ള

രാത്രി ഗതാഗതം പൂർണ്ണമായി ഒഴിവാക്കേണ്ടതാണ്. വൈകീട്ട് ഏഴ് മുതൽ പകൽ ഏഴ് വരെയുള്ള സമയത്ത് മലയോര മേഖലയിലേക്കുള്ള രാത്രി ഗതാഗതം നിരോധിച്ച് ഉത്തരവ് പുറപ്പെടുവിക്കും. ഇതിനോട് പൊതുജനങ്ങൾ പൂർണ്ണമായും സഹകരിക്കണം. ശക്തമായ കാറ്റ് വീശുന്നതിനാൽ അത് മൂലമുള്ള അപകടങ്ങൾക്ക് സാധ്യതയുണ്ടെന്ന് ദുരന്ത നിവാരണ അതോറിറ്റി മുന്നറിയിപ്പ് നൽകി.

താഴ്ന്ന പ്രദേശങ്ങളിലും നദീ തീരങ്ങളിലും വെള്ളം കയറാനുള്ള സാധ്യത മുന്നിൽ കണ്ടുകൊണ്ടുള്ള തയ്യാറെടുപ്പുകൾ നടത്താനും നിർദേശിച്ചു. നദികളിലെ ജലനിരപ്പ് ഉയരുന്നത് സംബന്ധിച്ച് പ്രത്യേകം നിരീക്ഷിക്കും.

കോവിഡ് 19 മഹാമാരിയുടെ കൂടി പശ്ചാത്തലത്തിൽ പ്രോട്ടോക്കോൾ പാലിച്ചു കൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും റവന്യൂ വകുപ്പിന്റെയും ഏകോപനത്തോടെ ക്യാമ്പുകൾ സംഘടിപ്പിക്കും. താലൂക്ക് കൺട്രോൾ റൂമുകളും ജില്ലാ കൺട്രോൾ റൂമുകളും മുഴുവൻ സമയവും പ്രവർത്തിപ്പിക്കും.

## താലൂക്ക് ഓഫീസുകളും തദ്ദേശസ്ഥാപനങ്ങളും ഇന്ന് (ആഗസ്റ്റ് 8) പ്രവർത്തിക്കും

റെഡ് അലർട്ട് പ്രഖ്യാപിച്ച സാഹചര്യത്തിൽ അടിയന്തിര സ്ഥിതി കൈകാര്യം ചെയ്യുന്നതിനായി ജില്ലയിലെ താലൂക്ക് ഓഫീസുകളും എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും ശനിയാഴ്ച (ആഗസ്റ്റ് 8) തുറന്ന് പ്രവർത്തിക്കണമെന്ന് ജില്ലാ കളക്ടർ അറിയിച്ചു. കോവിഡ് മാനദണ്ഡം പാലിച്ച് ക്യാമ്പുകൾ നടത്തുന്നതിനും ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ഈ ഓഫീസുകളിൽ നിന്ന് നേതൃത്വം നൽകും.

## കാലവർഷ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ജീവനക്കാരെ വിട്ടു നൽകണം

ജില്ലയിൽ കാലവർഷം ശക്തമായതോടെ വിവിധ താലൂക്കുകളിൽ അനിഷ്ട സംഭവങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ താലൂക്ക് തലത്തിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിന് ഇൻസിഡന്റ് കമാൻഡർമാരായി പ്രവർത്തിക്കുന്ന തഹസിൽദാർമാർക്ക് ജില്ലാ ഭരണകൂടം സജ്ജീകരണങ്ങൾ ഒരുക്കും. ഇതിനായി വിവിധ വകുപ്പുകളിൽ നിന്ന് കൂടുതൽ ജീവനക്കാരെയും വാഹനങ്ങളെയും വിട്ടുനൽകാൻ ജില്ലാ കളക്ടർ എസ് ഷാനവാസ് ഉത്തരവിട്ടു.

ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടത്തുന്നതിനാണ് ഇത്തരം മുന്നൊരുക്കം നടത്തുന്നത്. ഓഫീസ് ജീവനക്കാർ, ഡ്രൈവർ അടക്കമുള്ള വാഹനങ്ങൾ എന്നിവയാണ് ഇൻസിഡന്റ് കമാൻഡർമാരായ തഹസിൽദാർമാർക്ക് ഓരോ വകുപ്പുതല മേധാവികളും വിട്ടുനൽകേണ്ടത്. ഈ ഉത്തരവ് ലംഘിക്കുന്നവർക്കെതിരെ നിയമ പ്രകാരമുള്ള നടപടിയെടുക്കുമെന്നും ജില്ലാ കളക്ടർ വ്യക്തമാക്കി.

## മഴക്കെടുതി: ജാഗ്രത പുലർത്തേണ്ട പ്രദേശങ്ങൾ

മഴക്കെടുതി മൂലമുള്ള വെള്ളപ്പൊക്കവും മണ്ണിടിച്ചലും സാരമായി ബാധിക്കാനുള്ള പ്രദേശങ്ങളിലെ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് ജില്ലാ കളക്ടർ എസ് ഷാനവാസ് അഭ്യർത്ഥിച്ചു. മഴക്കെടുതി നാശം വിതയ്ക്കാൻ ഇടയുള്ള പ്രദേശങ്ങൾ ഇവയാണ്: തലപ്പിള്ളി താലൂക്ക്-കുംഭാര കോളനി, ചിറകോളനി, സാംബവ കോളനി, മേലെതലശ്ശേരി പള്ളിപരിസരം, ദേശമംഗലം കുന്നുംപുറം, പിഎംഎച്ച് ഗ്രാനൈറ്റ് ക്വാറിക്ക് സമീപമുള്ള പ്രദേശങ്ങൾ, വെസ്റ്റാർ ഓഡിറ്റോറിയം പാർക്കിങ് ഗ്രൗണ്ട്, പുറശ്ശേരി കോളനി, ചെമ്പികുന്ന് കോളനി, 10/17 കോളനി, മേലെമുറികുന്ന്, കാട്ടാളത്ത് കോളനി, വള്ളത്തോൾനഗർ, കോട്ടക്കുന്ന് കോളനി, പാറക്കുന്ന് കോളനി, ഉത്രാളിക്കാവ് ലക്ഷംവീടിന് പിൻവശം.

മുകുന്ദപുരം താലൂക്ക്-കുന്നത്തുപാടം ചെറുമഠത്തിൽ, മംഗലാംതണ്ട് ജോയ്കുളങ്ങരയുടെ വീട്, കയർ സൊസൈറ്റി റോഡ് കുമാരസഭ, കോളനിക്കുന്ന്, തുപ്രത്ത്പള്ളി റോഡ്, പുളിഞ്ചോട്, അംബേദ്കർ കോളനി റോഡ് വാർഡ് 10, വെള്ളാനി-കോഴിക്കുന്ന്, വാതിൽമാടം കോളനി, മുസാഫിർകുന്ന്, മുസാഫിർകുന്ന് ടവർ. കല്ലൂർ-തൃക്കൂർ, നെന്മണിക്കര, ചെവ്വാലൂർ, തൊറവ്,

പറപ്പൂക്കര, തൊട്ടിപ്പാൾ, പൊറിത്തിശ്ശേരി, കാറളം, മാടായികോണം, കാട്ടൂർ, പടിയൂർ, എടതിരിഞ്ഞി വില്ലേജുകൾ.

കൊടുങ്ങല്ലൂർ താലൂക്ക്: താഴ്‌വാരം റോഡ്, മഠത്തുംപടി നെയ്ശ്ശേരിയിൽ രഘുവിന്റെ വീട്, വട്ടക്കോട്ട,.

ചാവക്കാട് താലൂക്ക്: കെഎൽഡിസി ബണ്ട് റോഡ്, കല്ലായിൽ സത്യപാലൻ പെറ്റേക്കാട് പ്രഭാകരൻ എന്നിവരുടെ വീടുകൾ, കൊട്ടം റോഡ്-വളയംമാവ് വാർഡ് 2, മാനിറ പറന്തള്ളി റോഡ്, പൂവ്വത്തൂൽ കാട്ടേരി കുന്ന്, കടവല്ലൂർ പറങ്ങനാട്ട് കുന്ന്.

ചാലക്കുടി താലൂക്ക്: മുനിയാട്ടുകുന്ന് കിഴക്ക് ഭാഗം, മുനിയാട്ട്കുന്ന്, പൊട്ടൻപാടം, കാഞ്ഞിരപ്പള്ളി ഐഎച്ച്ഡിപി കോളനി, ഷോളയാർ 37, മയിലാടുംപാറ, ചുളക്കടവ്, വെട്ടികുഴി പണ്ടാരപാറ, ആറേശ്വരം, മോനോടി, നായാട്ടുകുണ്ട് 1, നായാട്ടുകണ്ട് 2, കുഞ്ഞാലിപ്പാറ, പത്തുകുളങ്ങര, വാരംകുഴി, ഇമിച്ചാംകുഴി-രണ്ട്കൈ, വീരംച്ചിറ, പൊന്നാംമ്പയോളി-കോർമല, മേട്ടിപ്പാടം, പത്താംകുളങ്ങര മൈതാനം, ബാലൻപീടിക, വെട്ടിക്കുഴി പണ്ടാരംപാറ എസ്ടി കോളനി, ചന്ദനകുന്ന്. ചാലക്കുടിപുഴയുടെ തീരത്തുള്ള അതിരപ്പള്ളി, പരിയാരം, എലഞ്ഞിപ്ര, കിഴക്കേ ചാലക്കുടി, മേലൂർ, കാടുകുറ്റി, പടിഞ്ഞാറേ ചാലക്കുടി, കല്ലൂർ, തെക്കുംമുറി, കാക്കുളിശ്ശേരി, തിരുമുക്കുളം വില്ലേജുകൾ. കുറുമാലിപുഴയുടെ തീരത്തുള്ള വരന്തരപ്പിള്ളി, നന്തിപുലം, മുപ്ലിയം, മറ്റത്തൂർ വില്ലേജുകൾ.

തൃശൂർ താലൂക്ക്: വട്ടപ്പാറ, കോക്കാത്ത് കോളനി, ചിറ്റാട്ടുകുന്ന്, കൊക്കൻകുന്ന്, വെങ്ങിണിശ്ശേരി എംഎസ് നഗർ, വീണ്ടശ്ശേരി-കണ്ണാറ, പൂവ്വൻച്ചിറ എസ്ടി കോളനി, തമ്പുരാട്ടിപടി പട്ടിക്കാട്, ആനന്ദനഗർ, മലവായ് 1, മലവായ് 2.

കുന്നംകുളം താലൂക്ക്: ആളൂർ-ചെറുകുന്ന്, മറ്റം-കണ്ടാണശ്ശേരി, കുരവാൻപടി-ലക്ഷംവീട്, കല്ലഴികുന്ന് സൂപ്പാരി കമ്പനിക്ക് സമീപം.

## കോവിഡ് രോഗികൾക്ക് ആംബുലൻസ് ലഭ്യമാക്കാൻ കോവിഡ് പോർട്ടൽ

കോവിഡ് രോഗബാധിതർക്ക് ആംബുലൻസ് സേവനത്തിനായി ഇനി കോവിഡ് പോർട്ടലിൽ അപേക്ഷിക്കാം. covid19 jagratha.kerala.nic.in എന്ന വെബ്സൈറ്റിൽ ആംബുലൻസ് മെനുവിൽ ആംബുലൻസ് റിക്വസ്റ്റ് ഓപ്ഷൻ നൽകാം. ഇതോടൊപ്പം രോഗിയുടെ മൊബൈൽ നമ്പറും രോഗിയെ സഹായിക്കുന്ന വ്യക്തിയുടെ പേരും നൽകണം. രജിസ്റ്റർ ചെയ്യുന്ന ഫോൺ നമ്പറിലേക്ക് വരുന്ന ഒടിപി നൽകണം. അപേക്ഷാ ഫോമിൽ പേര്, വിലാസം, സ്ഥാപനം, ഏതുതരം ആംബുലൻസ്, ഏത് സ്ഥലത്ത് എവിടെനിന്നും എവിടെയ്ക്കാണ് യാത്ര ചെയ്യേണ്ടത്, ഏത് ആംബുലൻസാണ് വേണ്ടത് തുടങ്ങിയ വിവരങ്ങൾ നൽകണം. നൽകുന്ന വിവരങ്ങൾ നമ്മൾ കൈവശം സൂക്ഷിക്കണം. കൺട്രോൾ റൂമിൽ ലഭിക്കുന്ന വിവരങ്ങൾ സ്ഥിരീകരിച്ച ശേഷം ആംബുലൻസ് നൽകും. ആംബുലൻസിന്റെയും ഡ്രൈവറുടെയും വിവരങ്ങൾ രോഗിക്ക് കൈമാറുകയും സേവനം ഉറപ്പാക്കുകയും ചെയ്യും. ആഗസ്റ്റ് 10 മുതൽ പൊതുജനങ്ങൾക്ക് ഈ ഓൺലൈൻ സേവനം ലഭ്യമാകും. കൺട്രോൾ റൂം നമ്പർ(ആംബുലൻസ്) - 9400063732.

## മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുത്

കേരള തീരത്തേ നിന്ന് മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്ന് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി അറിയിച്ചു. കേരള-കർണാടക തീരം, ലക്ഷദ്വീപ് പ്രദേശം എന്നിവിടങ്ങളിൽ മണിക്കൂറിൽ 50 മുതൽ 60 കിലോമീറ്റർ വരെ വേഗതയിൽ ശക്തമായ കാറ്റിന് സാധ്യതയുള്ളതിനാലാണ് പ്രത്യേക ജാഗ്രതാ നിർദ്ദേശം.

## കാട്ടകാമ്പാൽ പഞ്ചായത്തിൽ ഇന്ന് (ആഗസ്റ്റ് എട്ട്) 50 പേർക്ക് ആന്റിജൻ പരിശോധ

കോവിഡ് രോഗവ്യാപന ഭീഷണി നിലനിൽക്കുന്ന കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിലെ സമ്പർക്കപ്പട്ടികയിലുള്ള 50 പേർക്ക് ഇന്ന് (ആഗസ്റ്റ് എട്ട്) രാവിലെ മുതൽ പഴഞ്ഞി ഗവ. സ്കൂളിൽ

ആന്റിജൻ ടെസ്റ്റ് നടത്തും. കഴിഞ്ഞ ദിവസം കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തംഗം ഉൾപ്പെടെയുള്ളവർക്ക് കോവിഡ് സ്ഥിരീകരിച്ചതിനെതുടർന്നാണിത്. പഴഞ്ഞി സി എച്ച് സിയുടെ നേതൃത്വത്തിലാണ് ആന്റിജൻ പരിശോധന നടത്തുന്നത്.

# ടെലിവിഷൻ വിതരണോദ്ഘാടനവും ആംബുലൻസിന്റെ ഫ്ളാഗ് ഓഫും നടത്തി

മുള്ളൂർക്കര ഗ്രാമപഞ്ചായത്തിൽ അങ്കണവാടികൾക്കുള്ള ടെലിവിഷൻ വിതരണോദ്ഘാടനവും ആംബുലൻസിന്റെ ഫ്ളാഗ് ഓഫും തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ സി മൊയ്തീൻ നിർവ്വഹിച്ചു. മുള്ളൂർക്കര ഗ്രാമപഞ്ചായത്ത് ഓഫീസിൽ നടന്ന ചടങ്ങിൽ യു. ആർ.പ്രദീപ്, എംഎൽഎ അധ്യക്ഷത വഹിച്ചു. എംഎൽഎയുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നാണ് 19 അങ്കണവാടികൾക്ക് ടിവിയും ഗ്രാമപഞ്ചായത്തിന് ആബുലൻസും നൽകാൻ തുക അനുവദിച്ചത്. മുള്ളൂർക്കര ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് എച്ച്. അബ്ദുൾ സലാം സ്വാഗതവും, പഞ്ചായത്ത് വൈസ്. പ്രസിഡന്റ് മിനി രാധാകൃഷ്ണൻ,ജില്ലാ പഞ്ചായത്ത് അംഗം കെ പി രാധാകൃഷ്ണൻ, വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് പി പി സുനിത എന്നിവർ സംസാരിച്ചു.

# അയ്യന്തോൾ ഗവ. ആയുർവേദ ആശുപത്രി ഉദ്ഘാടനം ഇന്ന് (ആഗസ്റ്റ് 8)

കോർപ്പറേഷന് കീഴിൽ അയ്യന്തോളിൽ നിർമ്മാണം പൂർത്തീകരിച്ച ഗവ ആയുർവേദ ആശുപത്രിയുടെ പ്രവർത്തനോദ്ഘാടനം ഇന്ന് (ആഗസ്റ്റ് 8) രാവിലെ 10.30ന് കൃഷിവകുപ്പ് മന്ത്രി അഡ്വ വി എസ് സുനിൽകുമാർ നിർവ്വഹിക്കും. കോർപ്പറേഷൻ മേയർ അജിത ജയരാജൻ അധ്യക്ഷത വഹിക്കും. വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി 75 ലക്ഷം രൂപ ചിലവഴിച്ചാണ് ആയുർവ്വേദ ഡിസ്പെൻസറി കിടത്തി ചികിത്സ സൗകര്യമുള്ള ആധുനിക സജ്ജീകരണങ്ങളോടെയുള്ള ആശുപത്രിയാക്കി മാറ്റിയത്. ആയുർവ്വേദ സാന്ത്വന പദ്ധതിയായ 'സ്നേഹസ്പർശം' കേരളത്തിൽ ആദ്യമായി ആരംഭിച്ചത് ഈ ആശുപത്രിയിലാണ്.

# കൂർക്കഞ്ചേരിയിൽ അംബേദ്കർ ചിൽഡ്രൻസ് പാർക്ക് : ഉദ്ഘാടനം ഇന്ന് (ആഗസ്റ്റ് 8)

കോർപ്പറേഷൻ പരിധിയിൽ കൂർക്കഞ്ചേരിയിൽ നിർമ്മാണം പൂർത്തീകരിച്ച ചിൽഡ്രൻസ് പാർക്കിന്റെ ഉദ്ഘാടനം ഇന്ന് (ആഗസ്റ്റ് 8) വൈകിട്ട് നാല് മണിക്ക് കൃഷിവകുപ്പ് മന്ത്രി അഡ്വ. വി എസ് സുനിൽകുമാർ നിർവ്വഹിക്കും. കോർപ്പറേഷൻ മേയർ അജിത ജയരാജൻ അധ്യക്ഷത വഹിക്കും. കൂർക്കഞ്ചേരിയിൽ കോർപ്പറേഷൻ ഉടമസ്ഥതയിലുള്ള പട്ടികജാതിക്കാർക്കുള്ള ഭൂമിയിൽ അംബേദ്കറിന്റെ നാമത്തിൽ 50 ലക്ഷം ചെലവഴിച്ചാണ് പാർക്ക് പൂർത്തീകരിച്ചിരിക്കുന്നത്. കുട്ടികളുടെ മാനസികോല്ലാസത്തിനും വിവിധ കലാവാസനകൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി പാർക്കിൽ മനോഹരമായ ഓപ്പൺ സ്റ്റേജും സ്ഥാപിച്ചിട്ടുണ്ട്.

# ഒളരി ബഡ്സ് സ്കൂൾ നിർമ്മാണോദ്ഘാടനം ഇന്ന് (ആഗസ്റ്റ് 8)

കോർപ്പറേഷൻ പരിധിയിൽ ഒളരിയിൽ നിർമ്മിക്കുന്ന ബഡ്സ് സ്കൂളിന്റെ നിർമ്മാണോദ്ഘാടനം ഇന്ന് (ആഗസ്റ്റ് 8) ഉച്ചയ്ക്ക് 12 മണിക്ക് കൃഷിവകുപ്പ് മന്ത്രി അഡ്വ വി എസ് സുനിൽകുമാർ നിർവ്വഹിക്കും. കോർപ്പറേഷൻ മേയർ അജിത ജയരാജൻ അധ്യക്ഷത വഹിക്കും. 2020 -21 ബഡ്ജറ്റിൽ രണ്ട് ബഡ്സ് സ്കൂളുകളാണ് വകയിരുത്തിയത്. ആദ്യത്തെ ബഡ്സ് സ്കൂളാണ് തൃശൂർ കോർപ്പറേഷൻ ഒളരി ഗവ യുപി സ്കൂളിൽ രണ്ടു കോടി രൂപ ചിലവഴിച്ച് നിർമ്മാണം ആരംഭിക്കുന്നത്.

# പെരുവല്ലൂരിൽ കുടിവെള്ളം ഇനി വീട്ടിലെത്തും

മുല്ലശ്ശേരി പഞ്ചായത്തിൽ പെരുവല്ലൂരിൽ ഡോ.അംബേദ്കർ കുടിവെള്ള പദ്ധതി പ്രകാരം വീടുകളിലേയ്ക്ക് കുടിവെള്ള കണക്ഷൻ നൽകി. മുരളി പെരുനെല്ലി എംഎൽഎ ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് എ പി ബെന്നി അധ്യക്ഷനായി. ഗുണഭോക്തൃസമിതി നടപ്പാക്കുന്ന പദ്ധതി മുല്ലശ്ശേരി പഞ്ചായത്തിലെ രണ്ട്, മൂന്ന്, നാല് വാർഡുകളിലായി 189 കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കും. കുടിവെള്ളത്തിന്റെ ലഭ്യത ഉറപ്പ് വരുത്തുന്നതിന് പൂർണ്ണമായും വീടുകളിലേക്കുള്ള കണക്ഷനുകളാണ് നൽകുന്നത്. ജനപ്രതിനിധികൾ, കുടിവെള്ള കമ്മറ്റി പ്രസിഡന്റ് കെ സി സജീവൻ എന്നിവർ സംസാരിച്ചു.

***ഫോട്ടോ അടിക്കുറുപ്പ് : പെരുവല്ലൂരിൽ ഡോ.അംബേദ്കർ കുടിവെള്ള പദ്ധതി മുരളി പെരുനെല്ലി എം എൽ എ ഉദ്ഘാടനം ചെയ്യുന്നു***

# ചേലക്കര നിയോജകമണ്ഡലത്തിൽ ജലപരിശോധനാ ലാബുകൾ സ്ഥാപിക്കും

ചേലക്കര നിയോജകമണ്ഡലത്തിൽ ഒമ്പത് ഹയർ സെക്കന്ററി സ്കൂൾ കെമിസ്ട്രി ലാബുകളോട് ചേർന്ന് ജല ഗുണനിലവാര പരിശോധന ലാബുകൾ സ്ഥാപിക്കും. സുരക്ഷിതമായ ജലലഭ്യത ഉറപ്പ് വരുത്തുന്നതിന് ഹരിത കേരളം മിഷൻ നടപ്പിലാക്കുന്ന ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തുന്ന ഗുണനിലവാര പരിശോധനയിലൂടെ ജലജന്യ രോഗങ്ങൾ ഒരു പരിധിവരെ തടയാൻ സാധിക്കും. ജലനിലവാര പരിശോധന വിദ്യാർത്ഥികളുടെ പങ്കാളിത്തത്തോടെ നടത്തുന്നത് വഴി അവർക്ക് ഖരദ്രവ മാലിന്യ പരിപാലനത്തെ സംബന്ധിച്ച അറിവുകൾ ലഭിക്കും. വിദ്യാർത്ഥികൾക്ക് വേണ്ട പരിശീലനം നൽകാൻ അധ്യാപകരെ നിയോഗിക്കും. എസ്.എം.ടി.ജി.എച്ച്.എസ്.എസ് ചേലക്കര, ജി.എച്ച്.എസ്.എസ് ദേശമംഗലം, സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂൾ മായന്നൂർ, എൻ.എസ്.എസ്.എച്ച്.എസ്.എസ് മുള്ളൂർക്കര, ജി.എച്ച്.എസ്.എസ് പാഞ്ഞാൾ, ഗവ. എച്ച്.എസ്.എസ് പഴയന്നൂർ, ജി.എച്ച്.എസ്.എസ് പാമ്പാടി, ഗവ.ഹയർ സെക്കന്ററി സ്കൂൾ ചെറുതുരുത്തി, ഹയർസെക്കന്ററി സ്കൂൾ വരവൂർ എന്നിവിടങ്ങളിലാണ് ലാബുകൾ സ്ഥാപിക്കുക.

# പീച്ചി ഹാച്ചറി റീ ടെൻഡർ ക്ഷണിച്ചു

പീച്ചി ആക്ഷൻ പ്ലാൻ 2020- 21 പദ്ധതിയിലുൾപ്പെടുത്തി പീച്ചി ഹാച്ചറിയുടെ പദ്ധതി പ്രവർത്തനങ്ങൾക്കായി ഫീഡ്, അഡിറ്റീവ്സ്, ലൈവ് ഫീഡ് എന്നിവ വിതരണം ചെയ്യുന്നതിന് അംഗീകൃത സ്ഥാപനങ്ങൾ, ഏജൻസികൾ, ഡീലർമാർ എന്നിവയിൽനിന്നും ടെണ്ടർ ക്ഷണിച്ചു. റീ ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി ആഗസ്റ്റ് 26 ഉച്ച രണ്ട് മണി. കൂടുതൽ വിവരങ്ങൾ തൃശൂർ പള്ളിക്കുളം ആമ്പക്കാടൻ ജംഗ്ഷനിലുള്ള ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും ലഭിക്കുന്നതാണെന്ന് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. ഫോൺ- 0487-2441132. ഇമെയിൽ വിലാസം dftsr@ gmail.com.

# ഫസ്റ്റ്ലൈൻ ട്രീറ്റ്മെന്റ് സെന്ററിലേക്ക് ടി വികളും റഫ്രിജറേറ്ററുകളും നൽകി

ജില്ലയിലെ ഫസ്റ്റ്ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളിലേക്ക് ജയലക്ഷ്മി സിൽക്ക്സ് പ്രൈവറ്റ് ലിമിറ്റഡ് ടെലിവിഷനുകളും റഫ്രിജറേറ്ററുകളും സംഭാവന നൽകി. നാല് 32 ഇഞ്ച് ടിവികളും അഞ്ച് 50 ഇഞ്ച് ടിവികളും അഞ്ച് റഫ്രിജറേറ്ററുകളുമാണ് ഷോറൂം മാനേജർ അനേഷ് ദാസ് ജില്ലാ കളക്ടർ എസ് ഷാനവാസിന് കൈമാറിയത്.

***ഫോട്ടോ ആക്കുറിപ്പ്: ജയലക്ഷ്മി സിൽക്ക്സ് പ്രൈവറ്റ് ലിമിറ്റഡ് ഷോറൂം മാനേജർ അനേഷ് ദാസ് ജില്ലാ കളക്ടർ എസ് ഷാനവാസിന് റഫ്രിജറേറ്ററുകളും കൈമാറുന്നു***

## ക്വട്ടേഷൻ

തൃശൂർ ജില്ലയിലെ അഴീക്കോട് ഫെറി മുതൽ ചേറ്റുവ വരെയുലള കനോലി കനാൽ, കരുവന്നൂർ പുഴ, ചാലക്കുടിപ്പുഴ , കെഎൽഡിസി കനാൽ, റിസർവോയറുകൾ, കോൾപ്പാടങ്ങൾ എന്നീ ഉൾനാടൻ ജലാശങ്ങളിൽ ഫിഷറീസ് ഉദ്യോഗസ്ഥർക്ക് പട്രോളിംഗ് നടത്തുന്നതിന് വള്ളം വാടകയ്ക്ക് ലഭ്യമാക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി ആഗസ്റ്റ് 12 വൈകീട്ട് മൂന്ന് മണി. ഫോൺ: 0487-2441132.

## മഴ, കാറ്റ് : വ്യാപക നാശനഷ്ടം

ജില്ലയിലെ വിവിധ ഭാഗങ്ങളിൽ കനത്ത മഴയിലും കാറ്റിലും വ്യാപക നാശനഷ്ടം. വീടുകൾക്കും കെട്ടിടങ്ങൾക്കും കേടുപാടുകളുണ്ടായി. മുകുന്ദപുരം താലൂക്കിൽ, പടിയൂർ വില്ലേജിൽ കാറ്റിലും മഴയിലും  തെക്കരക്കൽ രാമകൃഷ്ണന്റെ ഓട് മേഞ്ഞ വീടിനുമുകളിൽ കവുങ്ങ് ഒടിഞ്ഞുവീണ് മേൽക്കൂര ഭാഗികമായി തകർന്നു. ഏകദേശം 5000 രൂപം കണക്കാക്കുന്നു. മുകുന്ദപുരം താലൂക്കിലെ തൊട്ടിപ്പാൾ വില്ലേജ് മുക്കുളത്ത് വീട്ടിൽ മണിയുടെ വീടിന് മുകളിലേക്ക് ഇലക്ട്രിക് പോസ്റ്റ് പൊട്ടിവീണ് ഭാഗിക നാശനഷ്ടമുണ്ടായി. 5000 രൂപയുടെ നഷ്ടം കണക്കാക്കുന്നു.

വേളൂക്കര വില്ലേജിലുണ്ടായ ശക്തമായ മഴയിൽ വൈക്കര റോഡിന്റെ വടക്ക് ഭാഗത്തായി ആൾ താമസമില്ലാത്ത പറമ്പിന്റെ പഴക്കമുള്ള മതിലിന്റെ ഒരു ഭാഗം ഇടിഞ്ഞു വീണു. നാശനഷ്ടങ്ങളൊന്നുമില്ല. ഓട്ടൂർ മേയ്ക്കാട്ട് സുബ്രഹ്മണ്യന്റെ ഓടിട്ട വീടിന് മുകളിൽ പഞ്ഞിമരം വീണ് ഭാഗികമായി നാശനഷ്ടം സംഭവിച്ചു. ഏകദേശം 5000 രൂപയുടെ നഷ്ടമുണ്ടായി. ശക്തമായ മഴയിലും കാറ്റിലും തുമ്പൂർ നാദം തിയറ്റർ ഇടിഞ്ഞു വീണു. പൂമംഗലത്ത് പുന്നത്തറ അരിപ്പാലം രഘുനാഥന്റെ വീടിന് മുകളിൽ കവുങ്ങ് ഒടിഞ്ഞു വീണ് 10,000 രൂപയുടെ നാശനഷ്ടമുണ്ടായി.

## ഗവ. മെഡിക്കൽ കോളേജിൽ
## പുതിയ 39 വെന്റിലേറ്ററുകൾ

കോവിഡ് ചികിത്സയുടെ ഭാഗമായി കേന്ദ്ര സർക്കാർ തൃശൂർ ഗവ.മെഡിക്കൽ കോളേജിലേക്ക് 39 വെന്റിലേറ്ററുകൾ നൽകി. നാല് കോടി ചെലവഴിച്ചാണ് വെന്റിലേറ്ററുകൾ വാങ്ങി നൽകിയത്. വെന്റിലേറ്ററുകളുടെ കുറവ് മൂലം ബുദ്ധിമുട്ടുന്നതിനിടെ പുതിയ വെന്റിലേറ്ററുകൾ എത്തിയത് ചികിത്സ എളുപ്പമാക്കും. കോവിഡ് ചികിത്സയുടെ ഭാഗമായി മെഡിക്കൽ കോളേജ് ആശുപത്രിയിൽ മുപ്പതിലേറെ ഐ.സി.യു കട്ടിലുകൾ ഒരുക്കിയിട്ടുണ്ട്. എന്നാൽ ഇവിടെയൊന്നും വെന്റിലേറ്ററുകൾ ഘടിപ്പിച്ചിട്ടില്ല. പുതിയ വെന്റിലേറ്ററുകൾ ഈ കട്ടിലുകളിൽ സ്ഥാപിച്ച് ചികിത്സ സൗകര്യം മെച്ചപ്പെടുത്താനാകും. മെഡിക്കൽ കോളേജിലെ മറ്റു ചികിത്സ വിഭാഗങ്ങളിലെ വെന്റിലേറ്റർ ഉപയോഗപ്പെടുത്തിയായിരുന്നു കോവിഡ് രോഗികൾക്ക് ചികിത്സ നൽകിയിരുന്നത്. പുതിയ വെന്റിലേറ്ററുകൾ കോവിഡിന് ശേഷവും മെഡിക്കൽ കോളേജിന് മുതൽക്കൂട്ടായി മാറും. നിലവിൽ വെന്റിലേറ്ററുകളുടെ ക്ഷാമം മൂലം മറ്റു ആശുപത്രികളിൽ നിന്നും വെന്റിലേറ്റർ ആവശ്യമുള്ള രോഗികളെ മെഡിക്കൽ കോളേജിലെ വെന്റിലേറ്റർ സൗകര്യം മുൻകൂട്ടി അന്വേഷിച്ചാണ് മാറ്റുന്നത്. വെന്റിലേറ്ററുകൾ സ്ഥാപിക്കാനുള്ള നടപടികൾ മെഡിക്കൽ കോളേജ് അധികൃതർ തുടങ്ങിയിട്ടുണ്ട്.

## ആർ.ടി.പി.സി.ആർ പരിശോധന ആരംഭിക്കും

പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ കോവിഡ്-19 പരിശോധനയ്ക്കായി ആർ.പി.സി.ആർ (റിയൽ ടൈം റിവേഴ്സ് ട്രാൻസ്ക്രിപ്ഷൻ പോളിമേഴ്സ് ചെയിൻ റിയാക്ഷൻ) സംവിധാനം ഒരുക്കും. ചേലക്കര ഗവ. പോളിടെക്നിക്ക് വനിതാ ഹോസ്റ്റൽ കെട്ടിടമാണ് ഇതിനായി ഒരുക്കുന്നത്. ബ്ലോക്ക് പരിധിയിൽ നിലവിൽ പഞ്ചായത്ത് കേന്ദ്രീകരിച്ച് ആന്റിജൻ ടെസ്റ്റ് നടന്നു വരികയാണ്. ആറ് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്ക് കീഴിലുള്ളവർ ആർടിപിസിആർ പരിശോധനകൾക്ക് വടക്കാഞ്ചേരിയിലെ ജില്ലാ ആശുപത്രിയെയാണ് ആശ്രയിക്കുന്നത്. ഈ സാഹചര്യത്തിലാണ് ചേലക്കര പോളിടെക്നിക്കിൽ പരിശോധന സംവിധാനം ഒരുക്കുന്നത്. പരിശോധനാ കേന്ദ്രം പഴയന്നൂർ ബ്ലോക്ക് വൈസ് പ്രസിഡന്റ് എം പദ്മകുമാർ, താലൂക്ക് ആശുപത്രി സൂപ്രണ്ട് ഡോ.കെ.കെ ഗൗതമൻ, ചേലക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി കെ. ബിന്ദു,

ബ്ലോക്ക് ജനറൽ എക്സ്റ്റൻഷൻ ഓഫീസർ സി.ആർ.ദീപക്, ഹെൽത്ത് ഇൻസ്പെക്ടർ കെ. നാരായണൻ എന്നിവർ സന്ദർശിച്ചു.

## കോവിഡിനൊപ്പം പകർച്ച വ്യാധികളെയും ശ്രദ്ധിക്കണം : ഡിഎംഒ

ജില്ലയിൽ കോവിഡ് -19 പ്രതിരോധ പ്രവർത്തനങ്ങളോടൊപ്പം പകർച്ചവ്യാധികളായ ഡെങ്കിപ്പനി, എലിപ്പനി, മലമ്പനി എന്നിവയെ ശ്രദ്ധിക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. പ്രധാനമായും വെള്ളം കെട്ടി കിടന്ന് കൊതുക് മുട്ടയിട്ട് പെരുകുന്നതാണ് ഇത്തരം രോഗങ്ങൾക്ക് കാരണമാകുന്നത്. മാലിന്യം കൃത്യമായി സംസ്ക്കരിക്കുന്നതിലുള്ള അലംഭാവവും ഇതിന് കാരണമാകുന്നു. ഡെങ്കിപ്പനി, ചിക്കുൻഗുനിയ, മലമ്പനി തുടങ്ങിയ രോഗങ്ങളെ പ്രതിരോധിക്കുന്നതിന് കൊതുക് പെറ്റുപെരുകാനുള്ള സാഹചര്യം ഒഴിവാക്കണമെന്നും ഡി എം ഒ മുന്നറിയിപ്പുനൽകി.

വീടിനകത്തുള്ള ചെടിച്ചട്ടി, ഫ്രിഡ്ജിനടിയിലെ ട്രേ, ടെറസ്സിലും മറ്റും കെട്ടിക്കിടക്കുന്ന വെള്ളം, മുട്ടത്തോട്, ടയർ എന്നിങ്ങനെയുള്ള ഇടങ്ങളിലൊക്കെയാണ് വെള്ളം കെട്ടികിടന്ന് കൊതുക് പെരുകുന്നത്. എലിപ്പനിയുടെ കാര്യത്തിലാണെങ്കിൽ വെള്ളത്തിലിറങ്ങി പണിയെടുക്കുന്നവരും തൊഴിലുറപ്പുകാരും പണിയ്ക്ക് ഇറങ്ങുന്നതിന് മുൻപുതന്നെ പ്രതിരോധ ഗുളികയായ ഡോക്സീസൈക്ലിൻ ഡോക്ടറുടെ നിർദ്ദേശ പ്രകാരം നിർബന്ധമായും കഴിച്ചിരിക്കണം. പനിയോ മറ്റ് അസുഖങ്ങളോ വരുകയാണെങ്കിൽ സ്വയം ചികിത്സിക്കാതെ ഡോക്ടറെ സമീപിക്കണം. ഡോക്ടറെ കാണുമ്പോൾ ഡോക്ടറോട് ചെയ്യുന്ന ജോലി ഏതാണെന്ന് കൃത്യമായി പറയണം. എങ്കിൽമാത്രമേ ഡോക്ടർക്ക് എലിപ്പനി സംശയിച്ച് അത്തരം ചികിത്സ നടത്താൻ സാധിക്കൂ. ആരംഭത്തിലെ ചികിത്സിച്ചാൽ വളരെ നിസ്സാരമായി കൈകാര്യം ചെയ്യാൻ സാധിക്കുന്ന രോഗമാണ് എലിപ്പനി. എന്നാൽ ശ്രദ്ധിച്ചില്ലെങ്കിൽ മരണം വരെ സംഭവിച്ചേക്കാം.

മഴ പെയ്ത് വെള്ളപ്പൊക്കം പ്രതീക്ഷിക്കുന്നതിനാൽ മലിനജലവുമായി സമ്പർക്കം വരുന്നവർ എല്ലാവരും തങ്ങളുടെ സമീപത്തുള്ള ആരോഗ്യകേന്ദ്രവുമായി ബന്ധപ്പെട്ട് എലിപ്പനിയ്ക്കുള്ള പ്രതിരോധമരുന്ന് നിർബന്ധമായും കഴിച്ചിരിക്കണം. ജലദോഷ പനിയും ഈ സന്ദർഭത്തിൽ വരാനുള്ള സാധ്യതയുള്ളതിനാൽ അത് എച്ച്1.എൻ1 ആകാനുള്ള സാധ്യത കണക്കിലെടുത്ത് ആശുപത്രിയിൽ ചികിത്സ തേടേണ്ടതാണെന്നും പൊതുജനങ്ങൾ ഇതൊരു അറിയിപ്പായി കണക്കാക്കി ആരോഗ്യകാര്യത്തിൽ ശ്രദ്ധ പുലർത്തണമെന്നും ഡി എം ഒ അറിയിച്ചു.

## 'സംയോജിത കൃഷി സംരംഭകത്വം' ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു

സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും സജ്ജമാക്കുന്നതിനുമായി കിലയിൽ 'സംയോജിത കൃഷി സംരംഭകത്വം' എന്ന വിഷയത്തിൽ ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ് ആരംഭിക്കുന്നു. ഭക്ഷ്യ സുരക്ഷ ഉറപ്പ് വരുത്തുന്നതിന് ഗ്രാമീണ മേഖലകൾ കേന്ദ്രീകരിച്ച് സർക്കാർ നടത്തുന്ന സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായാണ് കോഴ്സ്. ആദ്യഘട്ടത്തിൽ താൽപര്യമുള്ള എല്ലാവർക്കും പങ്കെടുക്കാം. അതിൽ നിന്ന് ഉന്നത നിലവാരം പുലർത്തുന്ന 20 പേരെ തുടർന്നുള്ള ആറ് മാസത്തെ ഓൺലൈൻ കോഴ്സിനായി തെരഞ്ഞെടുക്കും. കിലയുടെ തളിപ്പറമ്പിലുള്ള സെന്റർ ഫോർ ഓർഗാനിക് ഫാമിംഗ് ആൻഡ് വേസ്റ്റ് മാനേജ്മെന്റാണ് കോഴ്സ് നടത്തുന്നത്. താൽപര്യമുള്ളവർ കിലയുടെ വെബ്സൈറ്റിൽ (www.kila.ac.in/ifeocc) നൽകിയ അപേക്ഷ ഫോം പൂരിപ്പിച്ച് ആഗസ്റ്റ് 15നകം സമർപ്പിക്കണം.

**തുടരും**